**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4522** **06-03-2023 - ൽ മറുപടിയ്ക്ക്**

**അംഗ സമാശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗ സമാശ്വാസ പദ്ധതി പ്രകാരം എത്ര തുക ധനസഹായം നൽകിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗ സമാശ്വാസ പദ്ധതി പ്രകാരം ആകെ 68,24,40,000/- രൂപ (അറുപത്തിയെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ) ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ അസുഖ ബാധിതർക്കാണ് ധനസഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | അർബുദം, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയമായിക്കൊണ്ടിരിക്കുന്നവർ/<br><br>വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട്/ബൈപ്പാസ് സർജറി), എച്ച്.ഐ.വി ബാധിതർ, വാഹനാപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ച പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തി ആകാത്ത കുട്ടികൾ എന്നിവരാണ് പദ്ധതിക്ക് അർഹരായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ